ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ&ബി) ഇല്ല. എന്നാൽ ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ട കേസ്സുകളുടെ അന്വേഷണത്തിനായി 17-7-2010-ലെ G.O.(Rt.) No. 2333/10/Home നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ടീം അന്വേഷിച്ചിരുന്ന കേസ്സുകളൊക്കെ എൻ.ഐ.എ.-യ്ക്ക് കൈമാറിയതിനാലും അതിന്റെ തലവനായിരുന്ന ശ്രീ. വിനോദ്കുമാർ, ഡി.ഐ.ജി കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയതിനാലും ഇപ്പോൾ ടീം നിലവിലില്ല.

(ഡി) പുതുതായി രൂപീകരിച്ചിട്ടുള്ള ആഭ്യന്തര സുരക്ഷാന്വേഷണ വിഭാഗത്തിൽ (Internal Security Investigation Branch) പോലീസ് സൂപ്രണ്ടിന്റെ 1-ഉം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സർക്കിൾ ഇൻസ്പെക്ടർ, സബ്-ഇൻസ്പെക്ടർ, ഹെഡ്കോൺസ്റ്റബിൾ എന്നിവരുടെ 2 വീതവും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഈ അന്വേഷണ ടീം ഭരണപരമായി സി.ബി.സി.ഐ.ഡി.-യുടെ ഭാഗവും, ഇതിന്റെ ഓപ്പറേഷണൽ ചുമതല ഇന്റലിജൻസ് എ.ഡി.ജി.പി. ക്കുമായിരിക്കും. ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗത്തിന്റെ മൊത്തത്തിലുള്ള നിയന്ത്രണം പോലീസ് ഡയറക്ടർ ജനറലിൽ നിക്ഷിപ്തമായിരിക്കും.

(ഇ) നിലവിൽ സേനയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരിൽനിന്നും സത്യസന്ധതയും ആത്മാർത്ഥതയും ഇത്തരം ജോലികളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായവരെ തെരഞ്ഞെടുത്താണ് നിയമിച്ചിട്ടുള്ളത്.

(എഫ്) ബാധകമല്ല.

പൈതൃക നഗരങ്ങളെ സംരക്ഷിക്കുവാൻ നടപടി

7 (*637) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൈതൃക നഗരങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം നഗരങ്ങളെയാണ് പൈതൃക നഗരങ്ങളായി അംഗീകരിച്ചിട്ടുള്ളത് ;

(സി) എല്ലാ പൈതൃക നഗരങ്ങളിലും ചരിത്രമ്യൂസിയവും ഗവേഷണ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ പൈതൃക നഗരങ്ങളെ കൂട്ടിയോജിപ്പിച്ചു കൊണ്ട് ഒരു ടൂറിസം പാക്കേജിന് നടപടി സ്വീകരിക്കുമോ ;

(ഇ) ആലപ്പുഴ നഗരത്തെ പൈതൃക നഗരമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ പൈതൃക നഗരങ്ങളെ സംരക്ഷിക്കുകയും, ചരിത്രാവശിഷ്ടങ്ങൾ പരിപാലിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം, കൊടുങ്ങല്ലൂർ ആസ്ഥാനമായി മുസിരിസ് ഹെറിറ്റേജ് പദ്ധതി കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്നു. തലശ്ശേരി കേന്ദ്രമാക്കിയും ഒരു പൈതൃക സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്തുവരുന്നുണ്ട്.

(ബി & സി) ഒരു നഗരത്തേയും പ്രത്യേകമായി പൈതൃക നഗരമായി അംഗീകരിച്ചിട്ടില്ല. എന്നാൽ, മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി ചരിത്രമ്യൂസിയവും ഗവേഷണകേന്ദ്രങ്ങളും സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണിച്ചു വരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) ആലപ്പുഴ നഗരത്തെ പൈതൃക നഗരമാക്കുന്ന പദ്ധതി നിലവിലില്ല.

ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം

8 (*638) ശ്രീ. ബി. രാഘവൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിലെ ചേരികളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിൽ എന്തുമാത്രം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ അനുവദിച്ചിട്ടുള്ളത് ;

(സി) ഇതുവരെ എത്രകോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നേറിയിക്കാമോ ;

(ഡി) 2006-2011 വരെ പദ്ധതിക്കായി കേരളത്തിന് എത്ര കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly